# 172/23-M

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

ചോദ്യപുസ്തക ക്രമനമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

1. മേൽക്കൂര മഴവെള്ള സംഭരണം നിർബന്ധമാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം

A) കേരളം B) രാജസ്ഥാൻ C) തമിഴ്നാട് D) മേഘാലയ

2. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുള്ളിൽ 'സ്വരാജ് പാർട്ടി' രൂപീകരിയ്ക്കാൻ നേതൃത്വം കൊടുത്തത് ആരെല്ലാമായിരുന്നു ?

A) C. R. ദാസ് – മോത്തിലാൽ നെഹ്റു

B) C. R. ദാസ് – സുഭാഷ് ചന്ദ്രബോസ്

C) സുഭാഷ് ചന്ദ്രബോസ് – ജവഹർലാൽ നെഹ്റു

D) മോത്തിലാൽ നെഹ്റു – ജവഹർലാൽ നെഹ്റു

3. ഇന്ത്യയിൽ നടന്ന 'കർണ്ണാട്ടിക് യുദ്ധങ്ങളിൽ' പങ്കാളികളായത് ഇവയിൽ ഏതു രാജ്യങ്ങളായിരുന്നു ?

A) ഡച്ചുകാരും ഇംഗ്ലണ്ടും B) പോർച്ചുഗലും ഫ്രാൻസും

C) ഇംഗ്ലണ്ടും ഫ്രാൻസും D) ഇംഗ്ലണ്ടും പോർച്ചുഗലും

4. താഴെ കൊടുത്തിരിക്കുന്നവയിൽ ഉപദ്വീപീയ നദികളിൽ ഉൾപ്പെടാത്തത് ഏത് ?

A) ഗോദാവരി B) ഗംഗ C) കാവേരി D) മഹാനദി

5. ആന്ധ്രാപ്രദേശിലെ 'ബോറാ ഗുഹകൾ' താഴെ കൊടുത്തവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് ?

A) കൂൺ ശിലകൾ B) ഗീസറുകൾ

C) ചുണ്ണാമ്പുകല്ല് D) ഇവയൊന്നുമല്ല

6. ഗാന്ധിജി പങ്കെടുത്ത വട്ടമേശ സമ്മേളനവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിയ്ക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് ?

A) ഒന്നും മൂന്നും സമ്മേളനങ്ങളിൽ പങ്കെടുത്തു

B) ഒന്നും രണ്ടും സമ്മേളനങ്ങളിൽ പങ്കെടുത്തു

C) രണ്ടാമത്തെ സമ്മേളനത്തിൽ മാത്രം പങ്കെടുത്തു

D) എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്തു

7. ഉഷ്ണകാലത്ത് പശ്ചിമ ബംഗാളിൽ അനുഭവപ്പെടാറുള്ള ഇടിമിന്നലോടുകൂടിയ മഴ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

A) കാൽബൈസാഖി B) മാംഗോഷവർ

C) ലൂ D) തെക്കു-പടിഞ്ഞാറൻ മൺസൂൺ

8. കേന്ദ്ര വിജിലൻസ് കമ്മീഷൻ നിലവിൽ വന്ന വർഷം

A) 1964 B) 1968 C) 2005 D) 2002

9. എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഇന്ത്യയിൽ വോട്ടിംഗ് പ്രായം 21-ൽ നിന്ന് 18 ആയി കുറച്ചത് ?
   A) 61 B) 66 C) 69 D) 71

10. താഴെ കൊടുത്തിട്ടുള്ള ഏത് ഏജൻസിയുടെ പുതിയ രൂപമാണ് 'നീതി ആയോഗ് ' സംവിധാനം ?
   A) വിവരാവകാശ കമ്മീഷൻ
   B) നിയമ കമ്മീഷൻ
   C) മനുഷ്യാവകാശ കമ്മീഷൻ
   D) പ്ലാനിംഗ് കമ്മീഷൻ

11. ഇന്ത്യൻ ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ ഏതിലാണ് ബാലവേലയ്ക്കെതിരായുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത് ?
   A) സ്വാതന്ത്ര്യത്തിനുള്ള അവകാശം
   B) സമത്വത്തിനുള്ള അവകാശം
   C) ചൂഷണത്തിനെതിരെയുള്ള അവകാശം
   D) വിദ്യാഭ്യാസപരവും സാംസ്കാരികവുമായ അവകാശം

12. ഇന്ത്യയിൽ 'ദേശീയ ഉപഭോക്തൃ ദിന'മായി ആചരിക്കുന്നത് എന്നാണ് ?
   A) ഡിസംബർ 24
   B) ഡിസംബർ 21
   C) നവംബർ 24
   D) ഡിസംബർ 10

13. ചൈൽഡ് ലൈനുമായി ബന്ധപ്പെട്ട് പരാതികൾ സമർപ്പിക്കാനുള്ള 'ടോൾഫ്രീ' നമ്പർ താഴെപ്പറയുന്നവയിൽ ഏതാണ് ?
   A) 1088 B) 1098 C) 1808 D) 1898

14. 'ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി' എന്നു വിശേഷിപ്പിച്ചിരുന്നത് ഏതു പ്രദേശത്തെയായിരുന്നു ?
   A) ബോംബെ
   B) ബംഗാൾ
   C) കാൺപൂർ
   D) അലിഗഢ്

15. കേരളത്തിലെ 'കുടുംബശ്രീ' യൂണിറ്റുകൾ താഴെ പറയുന്നവയിൽ ഏതു സ്ഥാപനവുമായി ബന്ധപ്പെട്ടതാണ് ?
   A) ഇൻഷുറൻസ് കമ്പനി
   B) മ്യൂച്ചൽഫണ്ട് സ്ഥാപനം
   C) മൈക്രോ ഫിനാൻസ് സ്ഥാപനം
   D) മുദ്ര (MUDRA) ബാങ്ക്

16. 1) വയനാട് ജില്ലയിൽ നിന്ന് ഉത്ഭവിച്ച് കർണാടകത്തിലേക്കൊഴുകുന്ന നദിയാണ് കബനി.
   2) ബേപ്പൂർ പുഴ എന്ന് അറിയപ്പെടുന്നത് വളപട്ടണം പുഴയാണ്.
   3) പമ്പാ നദി 'ബാരിസ് ' എന്നാണ് പ്രാചീന കാലത്ത് അറിയപ്പെട്ടത്.

   മുകളിൽ പറഞ്ഞ പ്രസ്താവനകളിൽ ഏതാണ് ശരി ?
   A) 1 ഉം 2 ഉം
   B) 1 ഉം 3 ഉം
   C) 2 ഉം 3 ഉം
   D) മുകളിൽ പറഞ്ഞ എല്ലാം

17. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത് ?
   1) കരിമ്പുഴ വന്യജീവി സങ്കേതം – മലപ്പുറം
   2) ശെന്തുരുണി വന്യജീവി സങ്കേതം – പത്തനംതിട്ട
   3) ചൂലന്നൂർ പയർ പക്ഷി സങ്കേതം – പാലക്കാട്
   4) ആറളം വന്യജീവി സങ്കേതം – കോഴിക്കോട്

   A) 1 ഉം 2 ഉം
   B) 1 ഉം 3 ഉം
   C) 2 ഉം 4 ഉം
   D) എല്ലാം ശരിയാണ്

18. 1) കേരളത്തിലെ ആദ്യത്തേതും വലുതുമായ ദേശീയോദ്യാനം – സൈലന്റ് വാലി.
   2) സൈലന്റ് വാലി ബഫർ സോണായി പ്രഖ്യാപിച്ച വർഷം 2007.
   3) ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുന്ന കേരളത്തിലെ ദേശീയോദ്യാനമാണ് സൈലന്റ് വാലി.

   മുകളിൽ പറഞ്ഞ പ്രസ്താവനകളിൽ ഏതാണ് ശരി ?

   A) 2 ഉം 3 ഉം
   B) 1 ഉം 2 ഉം
   C) 1 ഉം 3 ഉം
   D) മുകളിൽ പറഞ്ഞ എല്ലാം

19. 1) 1956-ൽ കേരള ഫിഷറീസ് വകുപ്പ് സ്ഥാപിതമായി.
   2) ഇന്ത്യയിൽ ആദ്യമായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം.
   3) കേരളത്തിൽ തീരപ്രദേശം ഇല്ലാത്ത ജില്ലകൾ പാലക്കാട്, പത്തനംതിട്ട, വയനാട്, ഇടുക്കി.
   4) കേരളത്തിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖം തിരുവനന്തപുരം ജില്ലയിലെ നീണ്ടകരയാണ്.

   മുകളിൽ പറഞ്ഞ പ്രസ്താവനകളിൽ ഏതാണ് തെറ്റ് ?

   A) 1 മാത്രം
   B) 2 ഉം 4 ഉം
   C) 4 മാത്രം
   D) 2 ഉം 3 ഉം

20. 1) 1973-ൽ കേരള ഫുട്ബോൾ ടീം ആദ്യമായി സന്തോഷ് ട്രോഫി നേടി.
   2) കേരളത്തിൽ നിന്നുള്ള ആദ്യത്തെ രാജീവ്ഗാന്ധി ഖേൽരത്ന അവാർഡ് ജേതാവ് എം. ഡി. വൽസമ്മ.
   3) കേരളത്തിൽ നിന്നുള്ള ആദ്യ പത്മശ്രീ കായിക താരവും ഏഷ്യൻ ഗെയിംസിൽ സ്വർണ്ണമെഡലും നേടിയ ദക്ഷിണേന്ത്യയിൽ നിന്നുള്ള ആദ്യ വനിതയാണ് K. M. ബീനാമോൾ.

   മുകളിൽ പറഞ്ഞ പ്രസ്താവനകളിൽ ശരിയായത് ഏത് ?

   A) എല്ലാം ശരിയാണ്
   B) 1 ഉം 3 ഉം
   C) 1 ഉം 2 ഉം
   D) 1 മാത്രം

21. 1) കേരളത്തിൽ ജനസംഖ്യ കുറഞ്ഞ ജില്ല ഇടുക്കി.
2) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം 941 ആണ്.
3) കേരളത്തിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം130 ആണ്.

മുകളിൽ പറഞ്ഞവയിൽ ശരിയായ പ്രസ്താവന ഏത് ?

A) 1 ഉം 2 ഉം
B) 2 മാത്രം
C) 2 ഉം 3 ഉം
D) എല്ലാം ശരിയാണ്

22. 1) കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ഇടുക്കി ജല വൈദ്യുത പദ്ധതിയാണ്.
2) 1957-ൽ KSEB നിലവിൽ വന്നു. 2000-ൽ KSEBL നിലവിൽ വന്നു.
3) ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ് 1997-98-ൽ കമ്മീഷൻ ചെയ്തു.

മുകളിൽ പറഞ്ഞ പ്രസ്താവനയിൽ തെറ്റ് ഏത് ?

A) 1 ഉം 2 ഉം
B) 2 ഉം 3 ഉം
C) 1 ഉം 3 ഉം
D) എല്ലാം ശരിയാണ്

23. 1) ഭരണഘടനയുടെ 243-ാം അനുച്ഛേദനത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെക്കുറിച്ച് പരാമർശിക്കുന്നു.
2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത് 1956-ൽ ആണ്.
3) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ആന്റണി ഡൊമനിക് ആണ്.

മുകളിൽ പറഞ്ഞവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) 1 ഉം 2 ഉം
B) 1 ഉം 3 ഉം
C) 2 ഉം 3 ഉം
D) 3 മാത്രം

24. 1) 1986-ലാണ് കേരള സർക്കാർ വിനോദസഞ്ചാരം ഒരു വ്യവസായമായി പ്രഖ്യാപിച്ചത്.
2) കേരളത്തിലേക്ക് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്ന രാജ്യം ഫ്രാൻസ്.
3) ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുന്നിട്ട് നിൽക്കുന്ന ജില്ലകൾ കോഴിക്കോട്, എറണാകുളം.

മുകളിൽ പറഞ്ഞവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) 2 ഉം 3 ഉം
B) 2 മാത്രം
C) 3 മാത്രം
D) എല്ലാം തെറ്റാണ്

25. 1) 1967-ൽ അമ്പലപ്പുഴയിൽ കുഞ്ചൻ നമ്പ്യാർ സ്മാരകം സ്ഥാപിതമായി.
2) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രം വിജ്ഞാന കൈരളി.
3) മോയിൻകുട്ടി വൈദ്യർ സ്മാരകം കൊണ്ടോട്ടിയിൽ സ്ഥാപിതമായി.
4) മുണ്ടശ്ശേരി സ്മാരകം തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ സ്ഥാപിതമായി.

മുകളിൽ പറഞ്ഞവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) 2 ഉം 4 ഉം
B) 1 ഉം 2 ഉം
C) 4 മാത്രം
D) 3 ഉം 4 ഉം

26. 1) കുളച്ചൽ യുദ്ധം
2) കർണ്ണാട്ടിക് യുദ്ധങ്ങൾ
3) കുഞ്ഞാലിമരക്കാരുടെ പോരാട്ടങ്ങൾ
4) ആറ്റിങ്ങൽ കലാപം

മുകളിൽ പറഞ്ഞവയിൽ ബ്രിട്ടീഷുകാർക്ക് എതിരെ നടന്ന കലാപങ്ങൾ ഏവ ?

A) 2 ഉം 4 ഉം
B) 3 ഉം 4 ഉം
C) 1 ഉം 3 ഉം
D) 4 മാത്രം

27. 1) 1921-ഒറ്റപ്പാലത്ത് വച്ച് ഒന്നാം കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു.
2) തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി നിലവിൽ വന്നു.
3) അഗസ്തീശ്വരം, കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കേരളത്തോട് കൂട്ടി ച്ചേർത്തു.

മുകളിൽ പറഞ്ഞവയിൽ ശരിയായ പ്രസ്താവന ഏത് ?

A) 2 ഉം 3 ഉം
B) 1 ഉം 2 ഉം
C) എല്ലാം ശരിയാണ്
D) 1 ഉം 3 ഉം

28. 1) ശ്രീനാരായണഗുരു രണ്ടാം ബുദ്ധനെന്ന് അറിയപ്പെട്ടു.
2) ശ്രീനാരായണഗുരു സ്ഥാപിച്ചതാണ് ആത്മവിദ്യാ സംഘം.
3) 1909-ൽ ഗുരു ശിവഗിരിയിൽ ശാരദമഠം സ്ഥാപിച്ചു.

മുകളിൽ പറഞ്ഞവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) 2 ഉം 3 ഉം
B) 2 മാത്രം
C) എല്ലാം ശരിയാണ്
D) 1 ഉം 2 ഉം

29. കേരളത്തിലെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കപ്പെടുന്ന സംഭവം ഏത് ?

A) വൈക്കം സത്യാഗ്രഹം
B) ഗുരുവായൂർ സത്യാഗ്രഹം
C) ക്ഷേത്ര പ്രവേശന വിളംബരം
D) നിവർത്തന പ്രക്ഷോഭം

30. 1) വി. ടി. ഭട്ടതിരിപ്പാടിന്റെ നാടകം 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' പുറത്തിറങ്ങി.
2) വക്കം അബ്ദുൾ ഖാദർ മൗലവിയുടെ ഉടമസ്ഥതയിലുള്ള 'സ്വദേശാഭിമാനി' പത്രം നിലവിൽ വന്നു.
3) ചാവറ കുരിയാക്കോസ് അച്ചന്റെ നേതൃത്വത്തിൽ കത്തോലിക്ക സംസ്കൃത സ്കൂൾ ആരംഭിച്ചു.
4) 'മലയാളി മെമ്മോറിയൽ' എന്ന മെമ്മോറാണ്ടം തിരുവിതാംകൂർ രാജാവിന് സമർപ്പിച്ചത്.

മുകളിൽ പറഞ്ഞ പ്രസ്താവനകൾ കാലക്രമത്തിൽ രേഖപ്പെടുത്തുക.

A) 1, 2, 3, 4
B) 4, 3, 2, 1
C) 3, 4, 2, 1
D) 4, 1, 3, 2

31. ശരിയായ കാഴ്ച ലഭിക്കുന്നതിനായി ഒരാൾ കോൺകേവ് ലെൻസ് ഉള്ള കണ്ണട ധരിക്കുന്നു. കണ്ണട ഇല്ലാതെ അയാളുടെ കണ്ണിൽ പ്രതിബിംബം രൂപപ്പെടുന്നത് എവിടെയായിരിക്കും ?

A) റെറ്റിനയിൽ
B) പീതബിന്ദുവിൽ
C) റെറ്റിനക്കു പിറകിൽ
D) റെറ്റിനക്കു മുൻപിൽ

32. താഴെ തന്നിരിക്കുന്നവയിൽ ആന്റിബോഡി ഉല്പാദനവുമായി ബന്ധപ്പെട്ട രക്തകോശം ഏത് ?

A) ചുവന്ന രക്തകോശം
B) ലിംഫോസൈറ്റ്
C) പ്ലേറ്റ്ലെറ്റ്
D) ന്യൂട്രോഫിൽ

33. ഒരു കാർഷിക വിളയിനമായ സൊണാലികയെ സംബന്ധിച്ച് ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന/പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

i) അത്യുല്പാദന ശേഷിയും കീടങ്ങളെ പ്രതിരോധിക്കാൻ കഴിവുമുള്ള നെല്ലിനമാണ്.

ii) അത്യുല്പാദന ശേഷിയും രോഗ പ്രതിരോധ ശേഷിയുമുള്ള ഗോതമ്പിനമാണ്.

iii) അത്യുല്പാദന ശേഷിയും രോഗ പ്രതിരോധ ശേഷിയും കീടങ്ങളെ പ്രതിരോധിക്കാൻ കഴിവുമുള്ള ഇനം ചോളമാണ്.

A) പ്രസ്താവന (ii) മാത്രം ശരി
B) പ്രസ്താവന (i) ഉം (iii) ഉം ശരി
C) പ്രസ്താവന (iii) മാത്രം ശരി
D) പ്രസ്താവന (ii) ഉം (iii) ഉം ശരി

34. താഴെ തന്നിരിക്കുന്നതിൽ ഏത് ജീവകത്തിന്റെ അപര്യാപ്തത കൊണ്ടാണ് മെഗലോബ്ലാസ്റ്റിക് അനീമിയ ഉണ്ടാകുന്നത് ?

A) തയാമിൻ
B) റെറ്റിനോൾ
C) സയനോകൊബാലമിൻ
D) കാൽസിഫെറോൾ

35. ചില രോഗങ്ങളെയും അവയുടെ രോഗകാരികളെയുമാണ് ചുവടെ ജോഡികളായി നൽകിയിരിക്കുന്നത്. അവയിൽ നിന്നും ശരിയായ ജോഡികൾ ഏവ എന്ന് കണ്ടെത്തുക.

i) എലിപ്പനി – ലെപ്റ്റോസ്പൈറ

ii) മലേറിയ – പ്ലാസ്മോഡിയം

iii) പ്ലേഗ് – വൈറസ്

iv) ഡങ്കിപ്പനി – വൈറസ്

A) (i) ഉം (ii) ഉം (iv) ഉം ശരി
B) (i) ഉം (iii) ഉം (iv) ഉം ശരി
C) (i) ഉം (ii) ഉം (iii) ഉം ശരി
D) (ii) ഉം (iii) ഉം (iv) ഉം ശരി

36. നീലിമ എന്നറിയപ്പെടുന്നത് താഴെ നൽകിയിരിക്കുന്നവയിൽ ഏതു കാർഷിക വിളയാണ് ?

A) ദ്രുതവാട്ടം എന്ന രോഗത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള സങ്കരയിനം കുരുമുളക്

B) അത്യുല്പാദന ശേഷിയുള്ളതും കീടബാധയെ ചെറുക്കാൻ ശേഷിയുള്ളതുമായ ഇനം നെല്ല്

C) വാട്ട രോഗത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള സങ്കരയിനം വഴുതന

D) അത്യുല്പാദന ശേഷിയുള്ളതും കീടബാധയെ പ്രതിരോധിക്കാൻ കഴിവുള്ളതുമായ ഇനം വെള്ളരി

37. താഴെ നൽകിയിരിക്കുന്നവയിൽ നിന്നും ഓർഗൻ ഓഫ് കോർട്ടിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

1) ശരീര സംതുലനാവസ്ഥ പാലിക്കാൻ കാരണമായ നാഡീ ആവേഗങ്ങളെ സൃഷ്ടിക്കുന്നു.

2) ബേസിലാർ സ്തരവും രോമ കോശങ്ങളും ഉൾപ്പെട്ടത്.

3) ആന്തര കർണത്തിലെ വെസ്റ്റിബ്യൂളിൽ കാണപ്പെടുന്നു.

4) കേൾവിക്കു കാരണമായ നാഡീ ആവേഗങ്ങളെ സൃഷ്ടിക്കുന്നു.

A) പ്രസ്താവന 1 ഉം, 3 ഉം, 4 ഉം ശരി
B) പ്രസ്താവന 1 ഉം, 4 ഉം ശരി
C) പ്രസ്താവന 2 ഉം, 4 ഉം ശരി
D) പ്രസ്താവന 2 ഉം, 3 ഉം, 4 ഉം ശരി

38. താഴെ പറയുന്നവയിൽ തെറ്റായ ജോഡി ഏതെന്നു കണ്ടെത്തുക.

A) കുളമ്പുരോഗം – വൈറസ്
B) അകിടു വീക്കം – വൈറസ്
C) ബ്രൂസെല്ലോസിസ് – ബാക്ടീരിയ
D) ആന്ത്രാക്സ് – ബാക്ടീരിയ

39. ജീവകം A യിൽ നിന്നും രൂപപ്പെടുന്നതും കണ്ണിന്റെ കാഴ്ചയിൽ നിർണായക പങ്ക് വഹിക്കുന്നതുമായ പദാർത്ഥം

A) കാൽസിഫെറോൾ
B) റെറ്റിനോൾ
C) ഓപ്സിൻ
D) റെറ്റിനാൽ

40. മനുഷ്യശരീരത്തിൽ ഏത് അന്ത:സ്രാവീ ഗ്രന്ഥിയിൽ നിന്നാണ് എപ്പിനെഫ്രിൻ എന്ന ഹോർമോൺ ഉണ്ടാകുന്നത് ?

A) തൈറോയ്ഡ് ഗ്രന്ഥി
B) തൈമസ് ഗ്രന്ഥി
C) അഡ്രിനൽ ഗ്രന്ഥി
D) പൈനിയൽ ഗ്രന്ഥി

41. റസ്റ്റ്കോഴ്സിന് ഫ്രഞ്ച് ക്ലാസിക്കൽ മെനുവിൽ പറയുന്ന പേര്

A) ഡെസേർട്
B) സൂപ്പ്
C) ഫോമാജ്
D) സോർബേ

FINAL ANSWER KEY

Question Paper Code: 172/2023

COOK GRADE.II - KERALA MINERALS AND METALS Ltd(Titanium Dioxide Pigment Unit

Medium of Question: MALAYALAM/TAMIL/KANNADA

Date of Test: 14/09/2023

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | D | B | A |
| 2 | A | C | C | A |
| 3 | C | A | C | A |
| 4 | B | A | B | C |
| 5 | C | A | B | A |
| 6 | C | A | C | C |
| 7 | A | B | D | B |
| 8 | A | C | C | B |
| 9 | A | C | A | C |
| 10 | D | B | C | B |
| 11 | C | B | A | C |
| 12 | A | C | C | C |
| 13 | B | C | A | D |
| 14 | B | A | A | C |
| 15 | C | C | A | A |
| 16 | B | A | C | B |
| 17 | C | C | D | C |
| 18 | A | A | B | C |
| 19 | C | B | A | C |
| 20 | D | C | C | D |
| 21 | B | C | A | B |
| 22 | A | C | B | B |
| 23 | C | D | C | C |
| 24 | A | B | C | A |
| 25 | C | B | C | A |
| 26 | D | C | D | C |
| 27 | B | A | B | A |
| 28 | B | C | B | C |
| 29 | C | D | C | D |
| 30 | C | B | A | B |
| 31 | D | A | D | A |
| 32 | B | C | C | C |
| 33 | A | D | C | D |
| 34 | C | C | B | B |
| 35 | A | C | A | D |
| 36 | C | B | C | C |
| 37 | C | A | D | A |
| 38 | B | C | B | C |
| 39 | D | D | A | C |
| 40 | C | B | C | B |
| 41 | D | A | B | A |
| 42 | C | B | B | C |
| 43 | B | B | A | D |
| 44 | A | B | B | A |
| 45 | A | A | A | B |
| 46 | C | D | A | B |
| 47 | A | C | A | B |
| 48 | B | B | D | A |
| 49 | D | C | C | B |
| 50 | A | C | D | A |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | C | B | D | A |
| 52 | B | A | C | A |
| 53 | B | A | B | A |
| 54 | B | A | A | D |
| 55 | C | B | C | C |
| 56 | C | A | B | D |
| 57 | A | C | A | C |
| 58 | D | D | C | C |
| 59 | B | A | C | D |
| 60 | A | C | C | C |
| 61 | C | D | B | C |
| 62 | D | A | A | B |
| 63 | A | D | D | A |
| 64 | A | C | A | B |
| 65 | D | B | B | D |
| 66 | B | C | A | C |
| 67 | A | B | C | A |
| 68 | B | D | C | D |
| 69 | D | C | C | B |
| 70 | C | D | D | A |
| 71 | A | B | B | C |
| 72 | D | A | D | C |
| 73 | B | A | C | C |
| 74 | C | C | D | D |
| 75 | B | B | B | A |
| 76 | D | D | A | B |
| 77 | B | C | D | C |
| 78 | A | D | B | D |
| 79 | C | B | C | B |
| 80 | C | D | A | A |
| 81 | A | D | C | D |
| 82 | C | B | D | B |
| 83 | B | C | A | A |
| 84 | D | A | B | B |
| 85 | C | C | B | C |
| 86 | D | D | C | D |
| 87 | B | A | B | B |
| 88 | A | B | D | D |
| 89 | C | D | D | A |
| 90 | D | C | B | C |
| 91 | B | A | A | B |
| 92 | D | D | B | D |
| 93 | C | B | A | D |
| 94 | D | A | C | B |
| 95 | A | C | B | C |
| 96 | B | C | D | A |
| 97 | D | D | D | B |
| 98 | B | B | C | C |
| 99 | C | A | A | B |
| 100 | A | B | D | D |